കേരള സർക്കാർ

<u>സംഗ്രഹം</u>

പബ്ലിക്ക് റിലേഷൻസ് വകുപ്പ് - ഫോട്ടോഗ്രാഫിക് വിഭാഗത്തിൽ നിന്നും സൗജന്യമായി ഫോട്ടോ നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചും വിലയ്ക്കു നൽകുന്ന ഫോട്ടോകളുടെ വില പുതുക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പബ്ലിക്ക് റിലേഷൻസ് വകുപ്പ്

സ.ഉ. (സാ) 91/2002/പി.ആർ തിരുവനന്തപുരം, തീയതി, 24..6..2002

---

പരാമർശം:- 1. സ.ഉ. (സാ) നം. 139/94/പി.ആർ തിരുവനന്തപുരം, തീയതി, 21..7..94
2. 6.6.2002-ലെ ഫോട്ടോഗ്രാഫറുടെ കുറിപ്പ്

<u>ഉത്തരവ്</u>

ഫോട്ടോഗ്രാഫിക് സാധനങ്ങളുടെ വില വർദ്ധിച്ചതിനാൽ പബ്ലിക്ക് റിലേഷൻസ് വകുപ്പിലെ ഫോട്ടോഗ്രാഫിക് വിഭാഗത്തിൽ നിന്നും വിലയ്ക്കു നൽകുന്ന ഫോട്ടോകൾക്ക് പുതുക്കിയ നിരക്ക് ഏർപ്പെടുത്തണമെന്ന് ഫോട്ടോഗ്രാഫർ പരാമർശം രണ്ടു പ്രകാരം ആവിശ്യപ്പെടുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് പ്രകാരമുള്ള ഇപ്പോഴത്തെ നിരക്കുകൾ താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ടു ഉത്തരവാകുന്നു.

| | |
|---|---|
| ക്വാർട്ടർ സൈസ് | - 12/- രൂപ |
| ക്യാബിനറ്റ് സൈസ് | - 30/- രൂപ |
| ഫുൾ സൈസ് | - 40/- രൂപ |
| 12" X 9½ | - 150/- രൂപ |

ഇതോടൊപ്പം തന്നെ പബ്ലിക്ക് റിലേഷൻസ് വകുപ്പിലെ ഫോട്ടോഗ്രാഫിക് വിഭാഗത്തിൽ നിന്നും താഴെ പറയുന്ന വിഭാഗങ്ങൾക്ക് സൗജന്യമായി ഫോട്ടോകൾ നൽകുന്നതിനും ഉത്തരവാകുന്നു.

പത്രങ്ങൾ
മന്ത്രിമാരുടെ ആഫീസുകൾ
പി.ആർ.ഡി. പ്രസിദ്ധീകരണങ്ങൾ
സർക്കാർ വകുപ്പുകൾ
സ്പീക്കർ / ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ ഓഫീസുകൾ
പ്രതിപക്ഷ നേതാവിന്റെ ഓഫീസ്
ഹൈക്കോടതി ആവിശ്യങ്ങൾക്ക്
ഡി.പി.ആറിന്റെ ഉത്തരവിന് വിധേയമായി മററ് വിഭാഗങ്ങൾക്ക്

പുതുക്കിയ നിരക്കിന് ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. റാംമോഹൻ
അക്കൗണ്ട്സ് ഓഫീസർ

ഫോട്ടോഗ്രാഫർ പബ്ലിക്ക് റിലേഷൻസ് വകുപ്പ്
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
ഇൻഫർമേഷൻ സെന്റർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് , തിരുവനന്തപുരം
പബ്ലിക്ക് റിലേഷൻസ് (ബി) വകുപ്പ്
സ്റേറാക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ